## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1438

18.01.2021-ൽ മറുപടിയ്ക്ക്

### മത്സ്യബന്ധന മേഖലയിൽ നടപ്പിൽ വരുത്തിയ മാറ്റങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ജി. എസ് ജയലാൽ**<br>**ശ്രീ. ഇ. ടി. ടൈസൻ മാസ്റ്റർ**<br>**ശ്രീ. വി. ആർ. സുനിൽ കുമാർ**<br>**ശ്രീമതി. സി. കെ. ആശ** | | **ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) |
| (എ) | ഈ സർക്കാർ നിലവിൽ വന്നശേഷം മത്സ്യബന്ധന മേഖലയിൽ നടപ്പിൽ വരുത്തിയ മാറ്റങ്ങൾ വിശദമാക്കുമോ; | (എ) | മത്സ്യബന്ധനമേഖലയുടെയും മത്സ്യത്തൊഴിലാളികളുടെയും സുസ്ഥിരമായ നിലനിൽപ്പിന് ഉതകുന്ന തരത്തിലുള്ള പല മാറ്റങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. പ്രധാനപ്പെട്ടവ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | മത്സ്യത്തൊഴിലാളികളുടെ സുരക്ഷ മുൻനിർത്തി നിരവധി പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. മത്സ്യബന്ധനത്തിന് പോകുമ്പോൾ നിർബന്ധമായും ലൈഫ്ജാക്കറ്റ് ധരിച്ചിരിക്കണമെന്ന നിർദ്ദേശം നൽകുകയും ആദ്യഘട്ടമായി 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. അടിയന്തിര സാഹചര്യങ്ങളിൽ കടൽ രക്ഷാപ്രവർത്തനത്തിന് 900 മത്സ്യത്തൊഴിലാളി യുവാക്കളെയും 300 യാനങ്ങളെയും തെരഞ്ഞെടുത്ത് കടൽ സുരക്ഷാ സ്ക്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി സജ്ജമാക്കുന്ന പദ്ധതി, ISRO യുടെ സാങ്കേതിക സഹായത്തോടെ KELTRON വഴി |

| | | | |
|---|---|---|---|
| | | | നിർമ്മിച്ച് നൽകുന്ന 1500 കിലോമീറ്റർ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന 15000 'നാവിക്' ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി, ആഴക്കടലിലേയ്ക്ക് മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങൾക്ക് 1000 സാറ്റലൈറ്റ് ഫോൺ വിതരണം ചെയ്യുന്ന പദ്ധതി, പരമ്പരാഗത യാനങ്ങൾക്ക് DAT, GPS, VHF മറൈൻ റേഡിയോ, മെക്കനൈസ്ഡ് ബോട്ടുകൾക്ക് HRP (ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ്) VMS (വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം) എന്നിവ സബ്സിഡിയോടെ നൽകി വരുന്നു. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിച്ച് പ്രഥമ ശുശ്രൂഷ നൽകി വളരെ വേഗം കരയിലെത്തിച്ച് വിദഗ്ധ ചികിത്സയും പരിചരണവും ഉറപ്പാക്കുന്നതിന് സഹായകമായ 3 മറൈൻ ആംബുലൻസുകൾ നിർമ്മിക്കുവാൻ കൊച്ചിൻ ഷിപ്പ് യാർഡുമായി ധാരണയാകുകയും ആദ്യത്തെ മറൈൻ ആംബുലൻസ് കമ്മീഷൻ ചെയ്യുകയും ചെയ്തു. മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും ഉൾപ്പെടെ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷൻ (സാഗര) എൻ.ഐ.സി യുടെ സഹായത്തോടെ തയ്യാറാക്കുകയും ആയത് നടപ്പിലാക്കി വരികയുമാണ്. ഇതിനകം 17100 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. അടിയന്തിര ഘട്ടങ്ങളിൽ തീരകടലിൽ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലേക്ക് |

| | | | |
|---|---|---|---|
| | | | കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകുവാനും സാഗരയിലൂടെ കഴിയും. മത്സ്യബന്ധന യാനങ്ങൾക്കും എൻജിനും ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന പദ്ധതി യുണൈറ്റഡ് ഇൻഡ്യ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കി വരുന്നു. 2018-19 വർഷത്തെ 'കടൽ സുരക്ഷ' പദ്ധതിയിൽ ഉൾപ്പെടുത്തി 500 എണ്ണം ജി.പി.എസും 1000 എണ്ണം ലൈഫ്ബോയെയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു കഴിഞ്ഞു. കൂടാതെ 'ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും' പദ്ധതി പ്രകാരം 66 ജി.പി.എസ് കളും 132 ലൈഫ് ബോയെകളും 66 എക്കോ സൗണ്ടറുകളും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. |
| (സി) | മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിക്കുന്ന മത്സ്യത്തിന്റെ പൂർണ്ണ വില്പനാവകാശം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്. കടലിൽ നിന്നും പിടിച്ചെടുത്ത മത്സ്യത്തിന്റെ ആദ്യ വില്പനാവകാശം മത്സ്യ ത്തൊഴിലാളികൾക്ക് ഉറപ്പാക്കുന്നതിനും മത്സ്യത്തിന് ന്യായവില ലഭ്യമാകുന്നതിനും ഉതകുന്ന തരത്തിൽ തയ്യാറാക്കിയ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ഓർഡിനൻസ് 23/09/2020 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ മുന്നറിയിപ്പ് നൽകുന്നതിനൊപ്പം കടലിൽ മത്സ്യലഭ്യതയുള്ള ഇടങ്ങൾ ചൂണ്ടിക്കാണിച്ചു നല്കുന്നതിനും സംവിധാനം ഒരുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | ISRO യുടെ സാങ്കേതിക സഹായത്തോടെ KELTRON വഴി നിർമ്മിച്ച് നൽകുന്നതും 1500 കിലോമീറ്റർ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്നതുമായ നാവിക് ഉപകരണത്തിലൂടെ INCOIS വഴി |

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ മുന്നറിയിപ്പ് നൽകുന്നതിനൊപ്പം മത്സ്യ ലഭ്യതയുള്ള ഇടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാനും സാധിക്കുന്നുണ്ട്. |
| (ഇ) | മത്സ്യബന്ധനയാനങ്ങൾ കടലിൽ പോകുന്നതും തിരികെ വരുന്നതും നിരീക്ഷിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നറിയിക്കുമോ? | (ഇ) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും ഉൾപ്പെടെ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷൻ (സാഗര) എൻ.ഐ.സി യുടെ സഹായത്തോടെ തയ്യാറാക്കുകയും ആയത് നടപ്പിലാക്കി വരികയുമാണ്. ഇതിനകം 17100 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. അടിയന്തിര ഘട്ടങ്ങളിൽ തീരകടലിൽ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലേക്ക് കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകുവാനും സാഗരയിലൂടെ കഴിയും. ഇതു കൂടാതെ മത്സ്യബന്ധന യാനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വെസ്സൽ ട്രാക്കിംഗ് ഡിവൈസ്/ആട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം എന്നിവ വഴിയും ഉപഗ്രഹാധിഷ്ഠിത വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം (VMS) വഴിയും മത്സ്യബന്ധന യാനങ്ങളുടെ നിരീക്ഷണം സാധ്യമാകുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## മത്സ്യത്തൊഴിലാളികളുടെയും സുസ്ഥിരമായ നിലനിൽപ്പിന് ഉതകുന്ന തരത്തിലുള്ള നടപ്പിലാക്കിയിട്ടുള്ള മാറ്റങ്ങൾ

1. ശാസ്ത്രീയമായ മത്സ്യബന്ധനം ഉറപ്പാക്കി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് കാലോചിത മാറ്റങ്ങൾ വരുത്തി KMFR Act 2017 ൽ ഭേദഗതി ചെയ്തു.
2. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനുമായി 2018 സെപ്റ്റംബറിൽ പുതിയ KMFR റൂൾ ആവിഷ്കരിച്ച് നടപ്പിലാക്കി.
3. സംരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് ട്രോൾ നെറ്റുകളുടെ കോഡ് എൻറിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി.
4. പ്രധാനപ്പെട്ട എല്ലാ മത്സ്യബന്ധന വലകളുടെയും ആകെ വലിപ്പവും കുറഞ്ഞ കണ്ണി വലിപ്പവും നിശ്ചയിച്ച് നടപ്പിലാക്കി.
5. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറക്കുന്നതിനായി 20 മീറ്റർ വരെ നീളമുള്ളതും 250 എച്ച്.പി വരെ ഇന്ധനക്ഷമതയുള്ളതുമായ യാനങ്ങൾക്ക് മാത്രമായി തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് പരിമിതപ്പെടുത്തി.
6. അശാസ്ത്രീയ മത്സ്യബന്ധന രീതികളായ പഴ്സീൻ, പെലാജിക് ട്രോൾ (പെയർ ട്രോൾ) എന്നിവയും ഡൈനാമിറ്റ് പോലുള്ള സ്ഫോടക വസ്തുക്കൾ, വിഷവും മറ്റ് രാസവസ്തുക്കളും കലർത്തിയുള്ള മത്സ്യബന്ധനം, തെങ്ങിന്റെ ക്ലാഞ്ഞിൽ, വൃക്ഷ ശിഖരങ്ങൾ, പ്ലാസ്റ്റിക് കുപ്പികൾ, ഉപയോഗ ശൂന്യമായ വലകൾ കൂട്ടിക്കെട്ടിയുള്ള മത്സ്യബന്ധനം എന്നിവ പൂർണ്ണമായും നിരോധിച്ചു.
7. ട്രോൾ ബാൻ കാലാവധി 2018 വർഷം മുതൽ 47 ൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ച് നടപ്പിലാക്കി.
8. സമുദ്ര മത്സ്യബന്ധനത്തിന്റെ ഫലപ്രദമായ നടത്തിപ്പിനും നിരീക്ഷണത്തിനും പങ്കാളിത്ത മാനേജ്മെന്റ് എന്നത് ലക്ഷ്യമാക്കി വില്ലേജ്തല ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, ജില്ലാതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, സംസ്ഥാനതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ എന്നിവയോടു കൂടിയ ത്രിതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചു നടപ്പിലാക്കി.
9. KMFR ആക്ട് ലംഘിക്കുന്നതും, അശാസ്ത്രീയ മത്സ്യബന്ധനം നടത്തുന്നതുമായ യാനങ്ങൾക്ക് വർദ്ധിപ്പിച്ച പിഴ ചുമത്തി നിയമലംഘന തോത് പരമാവധി കുറക്കാൻ സാധിച്ചു.
10. ബോട്ടു നിർമ്മാണശാലകൾക്കും വല നിർമ്മാണശാലകൾക്കും ഫിഷറീസ് വകുപ്പിൽ രജിസ്ട്രേഷൻ നിർബന്ധമാക്കി.
11. യന്ത്രവൽകൃത യാനങ്ങൾക്ക് വെസ്സൽ ട്രാക്കിംഗ് ഡിവൈസ്/ആട്ടോമാറ്റിക് ഐഡൻറിഫിക്കേഷൻ സിസ്റ്റം എന്നിവ നിർബന്ധമാക്കി. 300 യന്ത്രവൽകൃത യാനങ്ങളിൽ വെസ്സൽ ട്രാക്കിംഗ് സംവിധാനം ഘടിപ്പിച്ചു.
12. 2019-20 പദ്ധതിയിൽ ഉൾപ്പെടുത്തി 750 യന്ത്രവൽകൃത യാനങ്ങളിൽ സാറ്റലൈറ്റ് അധിഷ്ഠിതമായ വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
13. യന്ത്രവൽകൃത യാനങ്ങൾക്ക് ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ്

നിർബന്ധമാക്കി. 300 യന്ത്രവൽകൃത യാനങ്ങളിൽ ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ് ഘടിപ്പിക്കുന്ന പദ്ധതി പൂർത്തീകരണഘട്ടത്തിലാണ്.

14. എല്ലാ മത്സ്യബന്ധനയാനങ്ങളിലും ജീവൻ രക്ഷാ ഉപകരണങ്ങളും നാവിഗേഷൻ, ഫയർ ഫൈറ്റിംഗ് ഉപകരണങ്ങളും നിർബന്ധമാക്കി.

15. കോസ്റ്റൽ സെക്യൂരിറ്റിയുടെ ഭാഗമായി മത്സ്യബന്ധനയാനങ്ങൾക്കുള്ള കളർകോഡിംഗ് നിർബന്ധമാക്കി. യന്ത്രവല്കൃത യാനങ്ങളുടെ കളർകോഡിംഗ് പൂർത്തിയാക്കി. പരമ്പരാഗത യാനങ്ങൾക്കും കളർ കോഡിംഗ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

16. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും കടലിന്റെ അടിത്തട്ടിൽ കൃത്രിമമായ ആവാസ വ്യവസ്ഥ സൃഷ്ടിച്ച് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനും തീരക്കടലിൽ കൃത്രിമ പാരുകൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2017 – 18 ൽ പുതുക്കുറിച്ചി, കൊച്ചുതുറ എന്നീ തീരക്കടലിൽ കൃത്രിമ പാര് നിക്ഷേപിച്ച് കഴിഞ്ഞു. പൂന്തുറ, ബീമാപ്പള്ളി, വലിയതുറ,പൂവ്വാർ, പുതിയതുറ എന്നിവിടങ്ങളിൽ കൃത്രിമാപ്പാര് നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

17. കടലിൽ പോകുന്നതും, തിരികെ വരുന്നതുമായ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി 'സാഗര മൊബൈൽ ആപ്ലിക്കേഷൻ' NIC യുടെ സഹായത്തോടെ തയ്യാറാക്കുകയും നടപ്പിലാക്കി വരികയുമാണ്.

18. മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡിക്കായി -2016-17, 2017-18, 2018-19, 2019-20 വർഷങ്ങളിലായി 150 കോടിരൂപ അനുവദിച്ചു. നിലവിൽ DBT ആയി മത്സ്യത്തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ടാണ് സബ്സിഡി തുക അനുവദിച്ചു നൽകുന്നത്.

19. കേന്ദ്ര സർക്കാരിന്റെ 2018-19 നീല വിപ്ലവം പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തൊടുകൂടി 200 FRP യാനങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

20. 2019-20 പദ്ധതിയിൽ ഉൾപ്പെടുത്തി നീണ്ടകര, പുതിയാപ്പ, ബേപ്പൂർ ഹാർബറുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 2020-21 പദ്ധതിയിൽ ഉൾപ്പെടുത്തി പൊന്നാനി, ശക്തികുളങ്ങര, വിഴിഞ്ഞം എന്നിവിടങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്ന പദ്ധതിയും പുരോഗമിക്കുന്നു.

21. 2019-20 പദ്ധതിയിലുൾപ്പെടുത്തി പ്രധാന ഹാർബറുകളിൽ 'LED display Board' സ്ഥാപിക്കുന്ന പദ്ധതി KELTRON മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

22. കടലിൽ സംഭവിക്കുന്ന ഏതു അപകടത്തേയും നേരിടാൻ സജ്ജമാക്കുന്നതിന്റെ ഭാഗമായി 5 ഫിഷറീസ് സ്റ്റേഷനുകളിലും ആവശ്യമായ സുരക്ഷാ ഉപകരണങ്ങളും ലഭ്യമാക്കി ഫിഷറീസ് സ്റ്റേഷനുകൾ ആധുനികവല്ക്കരിച്ചു.

23. ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർകോഡ് ജില്ലകളിൽ ഫിഷറീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

24. ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരും മറൈൻ എൻഫോഴ്സ്മെന്റ് വിംഗും ചേർന്നു നടത്തുന്ന കടൽ പട്രോളിംഗ് ശക്തമാക്കി. 9 മറൈൻ ജില്ലകളിലും പട്രോൾ ബോട്ട് ലഭ്യമാക്കി.

25. ചെറുമത്സ്യങ്ങളെ പിടികൂടുന്നത് കടലിലെ ആവാസ വ്യവസ്ഥയെയും മത്സ്യത്തൊഴിലാളികളുടെ നിലനിൽപ്പിനെയും ബാധിക്കുമെന്നതിനാൽ നിശ്ചിത വലിപ്പത്തിലും താഴെയുള്ള ചെറുമീനുകളെ പിടികൂടുന്നത് തടയുന്നതിന്

കേരളത്തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം (മിനിമം ലീഗൽ സൈസ്) നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും കർശനമായി നടപ്പിലാക്കുകയും ചെയ്ത് വരുന്നു.

26. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി 2017-18 പ്രകാരം ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത യാനങ്ങൾക്ക് 75% സബ്സിഡി നിരക്കിൽ 66 GPS ഉം 132 ലൈഫ്ബോയും 66 എക്കോ സൗണ്ടുകളും വിതരണം ചെയ്തു.

2018-19 പദ്ധതിയിൽ ഉൾപ്പെടുത്തി 500 GPS കൾ, 1132 ലൈഫ് ബോയ് കൾ എന്നിവ 75% സബ്സിഡി നിരക്കിൽ വിതരണം ചെയ്തു. 2019-20 പദ്ധതിയിൽ ഉൾപ്പെടുത്തി 1500 പരമ്പരാഗത യാനങ്ങൾക്ക് DAT, VHF Marine Radio, GPS എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

27. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ്യാർഡ് മുഖേന നിർമ്മാണം നടത്തുകയും ആദ്യത്തെ മറൈൻ ആംബുലൻസ് വിഴിഞ്ഞം ഫിഷറീസ് സ്റ്റേഷന്റെ നിയന്ത്രണത്തിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. രണ്ടാമത്തെയും മൂന്നാമത്തെയും മറൈൻ ആംബുലൻസുകൾ കമ്മീഷൻ ചെയ്യാൻ സജ്ജമായിട്ടുണ്ട്. അവ വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകളുടെ നിയന്ത്രണത്തിൽ ഉടൻ പ്രവർത്തനമാരംഭിക്കും.

28. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി നടപ്പിലാക്കി. 2019-20 ൽ 857 യാനങ്ങൾ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായി.

29. മത്സ്യത്തൊഴിലാളികളുടെ അപകട ഇൻഷ്വറൻസ് 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു.

30. സമ്പാദ്യ സമാശ്വാസപദ്ധതി പ്രകാരമുള്ള ധനസഹായം 2700 രൂപയിൽ നിന്നും 4500 രൂപയായി വർദ്ധിപ്പിച്ചു.

31. കടലിൽ നിന്ന് പ്ലാസ്റ്റിക മാലിന്യങ്ങൾ നീക്കം ചെയ്യുന്ന ശുചിത്വ സാഗരം പദ്ധതി.

ഇതു കൂടാതെ ഓഖി പുനരധിവാസവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആയത് ചുവടെ ചേർക്കുന്നു.

ഓഖിയിൽ മരിച്ചതും കാണാതായതുമായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളുടെ കടം എഴുതി തള്ളുന്നതിന് സർക്കാർ ഉത്തരവാകുകയും നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു.

ഓഖി ദുരന്തത്തിൽ പൂർണ്ണമായും വീടുകൾ നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലവും വീടും ലഭ്യമാക്കുന്ന ഭവന പദ്ധതി, ഓഖിയിൽ മരിച്ചവരുടെയും കാണാതായവരുടെയും കുടുംബങ്ങളുടെ പുനരധിവാസം, ഓഖിയിൽ ഭാഗികമായി വീട് നഷ്ടപ്പെട്ട 458 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള ഭവന പുനരുദ്ധാരണ പദ്ധതി. ഓഖിയിൽ പൂർണ്ണമായും ഭാഗികമായും നശിച്ച മത്സ്യബന്ധനോപകരണങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി, ഓഖി ചുഴലിക്കാറ്റിൽ മരണപ്പെട്ടുകയോ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം/ തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായ പാക്കേജ്, കടലിൽ മത്സ്യബന്ധനത്തിനുപോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40,000 പേർക്ക് ലൈഫ് ജാക്കറ്റ് നൽകുന്ന പദ്ധതി, 15,000

മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണങ്ങൾ നൽകുന്ന പദ്ധതി, 1000 മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ നൽകുന്ന പദ്ധതി, കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി 900 കടൽ സുരക്ഷാ സ്ക്വാഡുകളെ നിയോഗിക്കുന്ന പദ്ധതി, കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി ഓഖി ദുരിത ബാധിതർക്ക് 120 എഫ്. ആർ. പി. ബോട്ടുകൾ നൽകുന്ന പദ്ധതി, ഓഖി ദുരന്തത്തിൽ മരണപ്പെട്ട/കാണാതായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ വനിതകൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് ഉപയുക്തമാകുന്ന വിധത്തിൽ വിഴിഞ്ഞം ഹാർബർ കേന്ദ്രീകരിച്ച് ഒരു ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട്ലെറ്റും നിർമ്മിക്കുന്ന പദ്ധതി, ഓഖി ദുരന്തത്തിൽ മരിച്ചവരുടെയും കാണാതായവരുടെയും വിധവകൾക്ക് തൊഴിൽ നൽകുന്ന തൊഴിൽദാന പദ്ധതി തുടങ്ങിയ വിവിധ പദ്ധതികൾ.

**സെക്ഷൻ ഓഫീസർ**